മാലിന്യ സംസ്കരണത്തിന് നൂതന സാങ്കേതികവിദ്യ

17 (*587) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാലിന്യ സംസ്കരണത്തിന് കാർഷിക സർവ്വകലാശാല വികസിപ്പിച്ച നൂതന സാങ്കേതികവിദ്യയുടെ പ്രത്യേകതകളെന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ഇതിന്റെ പ്രയോഗക്ഷമത സംബന്ധിച്ച് ഏതെല്ലാം ഏജൻസികൾ പരിശോധനയും വിലയിരുത്തലും നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന്റെ ചെറിയ യൂണിറ്റിന് മൊത്തം ചെലവെത്രയെന്നും, ആവർത്തന ചെലവെത്രയെന്നും വെളിപ്പെടുത്തുമോ ;

(ഡി) ഈ പ്ലാന്റിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കാനാവുമോ ; എങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഇതിൽ ഭാഗമാക്കി മാലിന്യ പ്രശ്നത്തിന് പരിഹാരം കാണുന്നതിനും , ഒപ്പം കാർഷിക രംഗത്തെ ഉണർവ്വിനും ആരംഭം കുറിക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി.മോഹനൻ) :

(എ) കേരള കാർഷിക സർവ്വകലാശാല ജൈവ മാലിന്യ സംസ്കരണത്തിനായി വികസിപ്പിച്ചെടുത്ത സൂക്ഷ്മാണു കൂട്ടായ്മയാണ് കമ്പോസ്റ്റ് ഇനോക്കുലം. ഈ കൾച്ചർ ഉപയോഗിച്ച് പച്ചക്കറി അവശിഷ്ടവും ആഹാരാവശിഷ്ടവും സാധാരണ ചെടിച്ചട്ടികളിൽ വീടുകളിൽതന്നെ കമ്പോസ്റ്റ് ആക്കി മാറ്റാനുള്ള സാങ്കേതിക വിദ്യയാണ്. 35 മുതൽ 40 ദിവസം കൊണ്ട് കമ്പോസ്റ്റ് ആക്കി മാറ്റാൻ സാധിക്കുന്നതാണ്. ഈ സാങ്കേതിക വിദ്യയിലൂടെ വീട്ടിലെ മാലിന്യം അന്നന്നു തന്നെ സംസ്കരിച്ച് ഗുണമൂല്യമുള്ള ജൈവവളമാക്കാനും രാസസംയുക്തങ്ങൾ ഉപയോഗിക്കുന്നതിനാൽ മാലിന്യ സംസ്കരണം കുറഞ്ഞ സമയത്തിനുള്ളിൽ പൂർത്തിയാക്കാനും കഴിയും. മാലിന്യങ്ങൾ നേരിട്ട് യന്ത്രത്തിൽ നിക്ഷേപിക്കുന്നതിനാൽ മലിനീകരണം ഒഴിവാക്കപ്പെടുകയും അവശിഷ്ടങ്ങൾ ഇല്ലാതാവുകയും ചെയ്യുന്നു. ദുർഗന്ധം ഉണ്ടാകുന്നില്ല എന്ന് മാത്രമല്ല വളരെ കുറച്ച് സ്ഥലം മാത്രമേ ഉപയോഗിക്കുന്നുള്ളൂ. മറ്റു പാരിസ്ഥിതിക പ്രശ്നങ്ങൾ ഒന്നും തന്നെ സൃഷ്ടിക്കുന്നില്ല. മണ്ണിര കമ്പോസ്റ്റിന്റെയും മണ്ണിരയുടേയും വിൽപന തൊഴിൽ രഹിതർക്കും വീട്ടമ്മാർക്കും നല്ലൊരു വരുമാന ഉപാധിയാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 13-7-2012-ലെ ജി.ഒ.(ആർ.ടി) നമ്പർ 1946/2012/എൽ.എസ്.ജി. ഡി. പ്രകാരം ശ്രുചിത്വ മിഷൻ തിരുവനന്തപുരം ഇ കൾച്ചർ മാലിന്യ സംസ്കരണത്തിനായി ശിപാർശ ചെയ്തിട്ടുണ്ട്. ശാന്തിഗിരി ആശ്രമത്തിൽ ഇ കൾച്ചർ ജൈവ മാലിന്യ സംസ്കരണത്തിനായി ഉപയോഗിക്കുന്നു. കോളേജ് ഓഫ് ഹോർട്ടികൾച്ചർ, വെള്ളാനിക്കരയിലെ റേഡിയോ ട്രേസർ ലബോറട്ടറിയിൽ ഫെർട്ടിലൈസർ കൺട്രോൾ ഓർഡറിന്റെ നിർദ്ദേശങ്ങൾ പാലിച്ചാണ് സംസ്കരണം നടത്തുന്നത്. പരീക്ഷണശാലയിൽ വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യയുടെ പ്രയോഗക്ഷമത പഠിക്കുന്നതിന് ഒരു ടൺ കപ്പാസിറ്റിയുള്ള പൈലറ്റ് പ്ലാന്റിന്റെ നിർമ്മാണം വെള്ളായണി കാർഷിക കോളേജിൽ പൂർത്തിയായിവരുന്നു. 20 കിലോഗ്രാം ശേഷിയുള്ള 'ശ്രുചിത്വ' എന്ന് പേരിട്ടിരിക്കുന്ന മാറ്റൊരു പ്രോട്ടോടൈപ്പ് മെഷീൻ വികസിപ്പിച്ചെടുക്കുകയും ഇത് തിരുവല്ലം റസിഡൻസ് അസോസിയേഷനിൽ പ്രവർത്തിപ്പിച്ച് ഉപയോഗക്ഷമത വിലയിരുത്തിക്കൊണ്ടിരിക്കുകയുമാണ്.

(സി) മൂന്ന് ചട്ടികൾ അടങ്ങുന്ന ഒരു യൂണിറ്റിന് 1000 രൂപ എന്ന നിരക്കിൽ കൃഷി വിജ്ഞാന കേന്ദ്രം, മിത്രാനികേതൻ, വെള്ളനാടിലും ഗാന്ധി സ്മാരക നിധിയിലും ലഭ്യമാണ്. ഒരു കിലോ കൾച്ചർ 80 രൂപാ നിരക്കിൽ കാർഷിക കോളേജിലെ മൈക്രോബയോളജി വിഭാഗത്തിൽ നിന്നും ലഭ്യമാണ്. ഒരു മാസത്തേക്ക് ഒരു കിലോ എന്ന കണക്കിൽ ഒരു വർഷത്തേക്ക് 12 കിലോഗ്രാം കൾച്ചർ ഒരു വീട്ടിലേക്ക് വേണ്ടിവരും. അങ്ങനെ ഒരു ഗ്രണഭോക്താവിന് ഒരു വർഷത്തേക്ക് 1,960 രൂപ ചെലവു വരും. മണ്ണിര കമ്പോസ്റ്റിന് യോജിച്ച മണ്ണിരയുടെ വിലയുൾപ്പെടെ പ്ലാസ്റ്റിക് പാത്രത്തിൽ ചെയ്യാൻ ഏകദേശം 850 രൂപയോളം ചെലവ് വരും ആവർത്തന ചെലവ് വരുന്നില്ല. വലിയ ഹൗസിംഗ് കോളനികൾ, ഫ്ലാറ്റ്, കാന്റീൻ, സ്കൂൾ മുതലായ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുവേണ്ടി ഒരു യൂണിറ്റിന് 10,000 രൂപ ചെലവ് വരും. ബാക്ടീരിയൽ കൾച്ചറിന് ഏകദേശം 300 രൂപ/ലിറ്റർ ആണ്.

(ഡി) ഈ പ്ലാന്റിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കാനാകും. വലിയ തോതിൽ ടാങ്കുകളിൽ മണ്ണിര കമ്പോസ്റ്റ് നിർമ്മാണം നടത്താവുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്താവുന്നതാണ്. ആലപ്പുഴ മുനിസിപ്പാലിറ്റി, തിരുവനന്തപുരം കോർപ്പറേഷൻ, പുനലൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി, അടൂർ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലും തൃശ്ശൂർ ജില്ലയിലെ ഏതാനും ഫ്ലാറ്റുകളിലും ഈ സാങ്കേതിക വിദ്യ ഉപയോഗിച്ച് മാലിന്യ സംസ്കരണം നടത്തുന്നു. ജൈവകൃഷിയുടെ ഒഴിച്ചുകൂടാൻ പറ്റാത്ത ഘടകമാണ് മണ്ണിര കമ്പോസ്റ്റ് നിർമ്മാണം.

LIBRARY ARCHIVES Kerala Legislative Assembly